File No.TOUR-B2/195/2020-TOUR-Part(1)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപണികൾക്ക് ഒറ്റതവണ ധനസഹായം അനുവദിച്ചത്- അപേക്ഷിക്കേണ്ട അവസാന തീയതിയിൽ ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.388/2020/ടൂറിസം** തീയതി,തിരുവനന്തപുരം, 28/12/2020

---

പരാമർശം:- 1 സ.ഉ(സാധാ)നം.279/2020/ടൂറിസം തിയ്യതി 26.08.2020

2 ടൂറിസം ഡയറക്ടറുടെ 20.12.2020-ലെ എം4-8468/2020 നമ്പർ കത്ത്

ഉത്തരവ്

കോവിഡിന്റെ പശ്ചാത്തലത്തിൽ, ഹൗസ് ബോട്ടുകൾ അറ്റകുറ്റപണികൾ നടത്തുന്നതിന് ഒറ്റതവണ ധനസഹായം അനുവദിച്ചും ആയതിന് മാർഗ്ഗനിർദ്ദേശം രൂപീകരിച്ചും ധനസഹായത്തിനായി അപേക്ഷിക്കേണ്ട അവസാന തിയ്യതി 30.11.2020 വരെയായി നിജപ്പെടുത്തിയും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. മാർഗ്ഗനിർദ്ദേശ പ്രകാരം ധനസഹായത്തിനായുള്ള അപേക്ഷയോടൊപ്പം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഇൻലാന്റ് നാവിഗേഷൻ വകുപ്പ്/ പോർട്ട് ഓഫീസർ/ സർവ്വേയർ ഓഫ് ബോട്ട് അംഗീകരിച്ച എസ്റ്റിമേറ്റ് സമർപ്പിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ, കൊല്ലം പോർട്ട് ഓഫീസർക്ക് മാത്രമാണ് നിലവിൽ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള അധികാരം ഉള്ളതെന്നും ആയതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായത്തിനായി അപേക്ഷിക്കേണ്ട അവസാന തീയതി 31.03.2021 വരെ നീട്ടി നൽകണമെന്നും പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഹൗസ് ബോട്ടുകൾ അറ്റകുറ്റപണികൾ നടത്തുന്നതിന് ഒറ്റതവണ ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം നിഷ്കർഷിച്ചിരുന്ന അവസാന തീയതി 30.11.2020 എന്നത് 31.03.2021 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

3. പരാമർശം (1)-ലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.ആർ.ജയപാൽ**

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I, ഓഡിറ്റ് -II), കേരളം, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം

**File No.TOUR-B2/195/2020-TOUR-Part(1)**

വിവരപൊതുജനസമ്പർക്കവകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ